"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്-പ്രൊബേഷൻ ആൻറ് ആഫ്റ്റർ കെയർ സർവീസസ്-കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതരുടേയും,ഗുരുതര പരിക്ക് പറ്റിയവരുടെയും പുനരധിവാസ പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.107/2021/സാ.നീ.വ** തീയതി,തിരുവനന്തപുരം, 04/02/2021

---

പരാമർശം:- 1 സ.ഉ(സാധാ) നം. 232/2020/സാ.നീ.വ തീയതി 16/06/2020

2 സാമൂഹ്യനീതി ഡയറക്ടറുടെ 04.01.2021 ലെ സി1-971/2020/സാനീവ നമ്പർ കത്ത്

3 19.01.2021 ലെ ഒമ്പതാം വകുപ്പ തല വർക്കിംഗ് ഗ്രൂപ്പ യോഗത്തിൻെറ തീരുമാനം.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതരുടെയും, ഗുരുതര പരുക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ 30 ഗുണഭോക്താക്കൾക്ക് തയ്യൽ യൂണിറ്റ്, 20 ഗുണഭോക്താക്കൾക്ക് ആട്ട വളർത്തൽ സംരംഭം എന്നിവ പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുന്നതിന് ആവശ്യമായ 4,44,000/- രൂപ (നാല് ലക്ഷത്തി നാല്പത്തി നാലായിരം രൂപാ മാത്രം) 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

<u>പദ്ധതി ലക്ഷ്യങ്ങൾ</u>

1. സാമ്പത്തികമായി വളരെ പ്രയാസം അനുഭവിക്കുന്ന കുറ്റകൃത്യങ്ങള്ക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതര്, ഗുരുതര പരിക്ക് പറ്റിയവര് എന്നിവര്ക്ക് ഉപജീവന മാര്ഗം കണ്ടെത്തുന്നതിന് സ്വയംതൊഴില് ധനസഹായം ലഭ്യമാക്കുക.

2. കുറ്റകൃത്യങ്ങള്ക്ക് ഇരയായവര്ക്കും കുടുംബങ്ങള്ക്കും ആവശ്യമായി വരുന്ന സാമൂഹ്യ ആരോഗ്യ (ശാരീരിക-മാനസിക), നിയമ സേവനങ്ങള് ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ ലഭ്യമാക്കുക.

പദ്ധതി നിർവ്വഹണം

ജില്ലാ പ്രൊബേഷന് ഓഫീസ് മുഖേന പദ്ധതി നിര്വ്വഹണം നടത്താവുന്നതാണ്. കുറ്റകൃത്യങ്ങള്ക്ക് ഇരയായവരുടെ വിവരശേഖരണം പോലീസ്, പ്രോസിക്യൂഷന്, ചീഫ് ജൂഡീഷ്യല് മജിസ്ട്രേറ്റ് കോടതികള് എന്നിവ മുഖേന ശേഖരിച്ചും, അപേക്ഷ ക്ഷണിച്ചും അര്ഹരായ ഗുണഭോക്താക്കളെ കണ്ടെത്തുവാന് കഴിയും. പ്രൊബേഷന് ഓഫീസര് മുഖേന അപേക്ഷയിന്മേല് അന്വേഷണം പൂര്ത്തിയാക്കാം. ജില്ലാ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായുള്ള ജില്ലാതല പ്രൊബേഷന് ഉപദേശക സമിതി മുഖേന അര്ഹരായ ഗുണഭോക്താക്കളെ കണ്ടെത്താവുന്നതും, പദ്ധതി നിര്വ്വഹണ മേല്നോട്ടം നിര്വ്വഹിക്കാവുന്നതുമാണ്. ധനസഹായം ഒറ്റത്തവണയായി അര്ഹതപ്പെട്ട വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാന്സ്ഫര് ചെയ്ത് നല്കാവുന്നതാണ്.

2020-21 സാമ്പത്തിക വര്ഷം കുറ്റകൃത്യങ്ങള്ക്ക് ഇരയാകുന്നവര്/ആശ്രിതര് എന്നിവര്ക്കുള്ള പുനരധിവാസത്തിനായി സ്വയംതൊഴില് സംരംഭമെന്ന നിലയില് പത്തനംതിട്ട ജില്ല ഒഴികെ 13 ജില്ലകളിലും 5 ഗുണഭോക്താക്കള്ക്ക് തയ്യല് യൂണിറ്റ്, ആട് വളര്ത്തല്, കൃഷി, മറ്റ് സ്വയംതൊഴില് സംരംഭങ്ങള് എന്നിവ ആരംഭിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 20,000/- രൂപാ (ഇരുപതിനായിരം രൂപാ മാത്രം) നിരക്കില് ആകെ 65 (13 * 5) പേര്ക്ക് 13,00,000/- രൂപാ (പതിമൂന്ന് ലക്ഷം രൂപാ മാത്രം) ആവശ്യമായിട്ടുണ്ടെന്നും ഈ സാഹചര്യത്തില്, മേല്പ്പറഞ്ഞ നിബന്ധനകള്ക്ക് വിധേയമായി, പ്രസ്തുത പദ്ധതിയിലേയ്ക്കാവശ്യമായ 13,00,000/- രൂപ (പതിമൂന്ന് ലക്ഷം രൂപാ മാത്രം) 2020-21 സാമ്പത്തിക വര്ഷത്തില് പ്രൊബേഷന് സേവനങ്ങള്ക്കായി വകയിരുത്തിയിട്ടുള്ള 2235-02-106-93 (പ്ലാന്) എന്ന ശീര്ഷകത്തില് നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

(2) 19.01.2021 ലെ ഒമ്പതാം വകുപ്പ തല വർക്കിംഗ് ഗ്രൂപ്പ യോഗത്തിൽ ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർ/ആശ്രിതർ എന്നിവർക്കുള്ള പുനരധിവാസത്തിനായി സ്വയംതൊഴിൽ

സംരംഭമെന്ന നിലയിൽ പത്തനംതിട്ട ജില്ല ഒഴികെയുള്ള 13 ജില്ലകളിലും 5 ഗുണഭോക്താക്കൾക്ക് തയ്യൽ യൂണിറ്റ്, ആട് വളർത്തൽ, കൃഷി, മറ്റ് സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 20,000/- രൂപാ (ഇരുപതിനായിരം രൂപാ മാത്രം) നിരക്കിൽ ആകെ 65 (13 * 5) പേർക്ക് 13,00,000/- രൂപാ (പതിമൂന്ന് ലക്ഷം രൂപാ മാത്രം), മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി, 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ